കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തവനൂർ ഗ്രാമപഞ്ചായത്ത് 2005-06 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(7), 3(8), 3(10), 3(11), 3(14) എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 817/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 26/03/2013

പരാമർശം:- 1) 15/10/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-28068/12 നമ്പർ കത്ത്.
2) 15/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പി3/13/24517/12 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ തവനൂർ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ 3(7), 3(8), 3(10), 3(11), 3(14) എന്നീ ഖണ്ഡികകൾ പ്രകാരം യഥാക്രമം 1,91,300/-രൂപ, 76,520/- രൂപ, 48,400/- രൂപ, 1,05,098/- രൂപ, 35,000/- രൂപ എന്നീ ചെലവുകൾ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗരേഖകൾക്കും അനുസൃതമല്ലാതെ ചെലവഴിച്ച തുകകളാണ് ഓഡിറ്റ് തടസ്സപ്പെടുത്തിയത്.

തവനൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 7-ൽ പരാമർശിച്ച പദ്ധതി പൊതുവിഭാഗം വികലാംഗരുടെ ക്ഷേമത്തിനായിരുന്നതിനാലും നിലവിൽ പ്രസ്തുത ഗുണഭോക്താക്കൾ അവർക്ക് ലഭിച്ച യന്ത്രവൽകൃത മുച്ചക്ര വാഹനങ്ങൾ ഉപയോഗിച്ച് വരുന്നതിനാലും ഖണ്ഡിക 3(8)-ൽ പരാമർശിക്കുന്ന പദ്ധതി പട്ടികജാതിയിൽപ്പെട്ട വികലാംഗരുടെ ക്ഷേമത്തിനായിരുന്നതിനാലും നിലവിൽ പ്രസ്തുത ഗുണഭോക്താക്കൾ അവർക്ക് ലഭിച്ച യന്ത്രവൽകൃത മുച്ചക്ര വാഹനങ്ങൾ ഉപയോഗിച്ച് വരുന്നതിനാലും ഖണ്ഡിക 3(10)-ലെ പരാമർശിത പദ്ധതി പട്ടികജാതിയിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് ഉപകാരപ്പെട്ടുവെന്നതിനാലും ഖണ്ഡിക 3(11) പ്രകാരം പൊതു വിഭാഗത്തിൽപ്പെട്ട

വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി തയ്യാറാക്കിയ പദ്ധതി അവർക്ക് ഉപകാരപ്പെട്ടുവെന്നതിനാലും ഖണ്ഡിക 3(14) പ്രകാരം ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് വിഷയത്തിൽ പിന്നോക്കം നിന്നിരുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ സഹായിച്ചതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന 20/10/2011-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 02/2011-ാം നമ്പർ തീരുമാനം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെയുമടിസ്ഥാനത്തിൽ സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തവനൂർ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ 3(7), 3(8), 3(10) 3(11), 3(14) എന്നീ ഖണ്ഡികകളിലായി പരാമർശിച്ച യഥാക്രമം 1,91,300/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി മുന്നൂറ് രൂപ മാത്രം), 76,520/- രൂപ (എഴുപത്തിയാറായിരത്തി അഞ്ഞൂറ്റി ഇരുപത് രൂപ മാത്രം), 48,400/- രൂപ (നാല്പത്തിയെട്ടായിരത്തി നാന്നൂറ് രൂപ മാത്രം), 1,05,098/- രൂപ (ഒരു ലക്ഷത്തി അയ്യായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം), 35,000/- രൂപ (മുപ്പത്തി അഞ്ചായിരം രൂപ മാത്രം) ചെലവു ചെയ്ത ഗ്രാമപഞ്ചായത്തു നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,

ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സെക്രട്ടറി, തവനൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ